(സി) തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുത്തുതീർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും ഇല്ലെന്നുള്ള അവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനായി പബ്ലിക് സർവീസ് കമ്മീഷൻ ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനം നടത്തുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തികവർഷം മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ 5,44,14,000 രൂപ വിവിധ ഡിസ്പെൻസറികൾ വഴി നൽകിയിട്ടുണ്ട്. 1,000 രൂപയ്ക്കുമേൽ വരുന്ന റീ-ഇംപേഴ്സ്മെന്റ് ക്ലെയിമുകൾക്ക് റീജിയണൽ ഡയറക്ടർ, സർക്കാർ എന്നീ തലങ്ങളിൽ അനുമതി നൽകേണ്ടതിനാലും, മുൻകുടിശ്ശിക തീർപ്പാക്കാൻ ഉണ്ടായിരുന്നതിനാലും, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിന് ഭരണപരമായ കാലതാമസം ഉണ്ടാകുന്നുണ്ട്. 1,000 രൂപയ്ക്കുതാഴെയുള്ള ഏകദേശം. എല്ലാ ക്ലെമുകളും തീർപ്പാക്കിയിട്ടുണ്ട്.

(ഡി) മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ആശുപത്രികളിലെയും ക്ലിനിക്കുകളിലെയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

66 [2103] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും എത്ര ഡോക്ടർമാരും ജീവനക്കാരും ജോലിചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ ജീവനക്കാരുടെ മിനിമം വേതന നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലുണ്ടായിരുന്ന നിരക്കും പുതിയ നിരക്കും ഓരോ വിഭാഗത്തിനും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ യോഗ്യതകൾ ഉറപ്പുവരുത്താനും, അവരുടെ സേവന വേതന വ്യവസ്ഥകൾ കാലികമാണെന്ന് ഉറപ്പുവരുത്താനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃത്യമായ കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(ബി) 5-6-2000-ലെ ജി.ഒ. (ആർ.ടി.) 1928/2000/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(സി) 25-4-1990-ലെ ജി.ഒ. (ആർ.ടി.) 1055/90/തൊഴിൽ വിജ്ഞാപനമനുസരിച്ച് ഏറ്റവും കുറഞ്ഞ ശമ്പള നിരക്ക് 330-10-43-ഉം ഏറ്റവും കൂടിയ നിരക്ക് 1050-30-1350-ഉം ആണ്. എന്നാൽ ഈ വിജ്ഞാപനത്തെ ഒ.പി. നമ്പർ 6132/1990 എന്ന കേസിലെ വിധിന്യായപ്രകാരം ബഹു: ഹൈകോടതി 18-6-1996-ൽ റദ്ദ് ചെയ്യുകയുണ്ടായി. 5-6-2000-ലെ വിജ്ഞാപന പ്രകാരം ഏറ്റവും കുറഞ്ഞ ശമ്പള നിരക്ക് 785-20-985-ഉം ഏറ്റവും കൂടിയ നിരക്ക് 1725-50-2225-ഉം ആണ്. ക്ഷാമബത്ത 25-4-1990-ലെ വിജ്ഞാപന പ്രകാരം 150 പോയിന്റിനുമേൽ വരുന്ന ഓരോ പോയിന്റിനും 1 രൂപ 80 പൈസയും 5-6-2000-ലെ വിജ്ഞാപന പ്രകാരം 300 പോയിന്റിനുമേൽ ഉള്ള ഓരോ പോയിന്റിനും 2 രൂപ 35 പൈസയുമാണ്. രണ്ടു വിജ്ഞാപനങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) യും (ഇ) യും സ്വകാര്യ ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ ഉറപ്പു വരുത്തുന്നതിന് മിനിമം വേതന വിജ്ഞാപനത്തിൽ ഡോക്ടർ, നഴ്സിംഗ് നേഴ്സ് അസിസ്റ്റന്റ് നഴ്സിംഗ് ഓർഡർലി എന്നീ തസ്തികകൾക്ക് ക്വാളിഫിക്കേഷൻ നിശ്ചയിച്ചിട്ടുണ്ട്. സേവന വ്യവസ്ഥകൾ കാലികമാണെന്ന് ഉറപ്പുവരുത്തുവാൻ പ്രസ്തുത ജീവനക്കാർക്ക് മിനിമം വേതന നിയമം, വ്യവസായ തൊഴിൽ തർക്ക നിയമം, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേയ്ക്ക്) നിയമം, ഗ്രാറ്റുവിറ്റി നിയമം, സ്റ്റാന്റിംഗ് ഓർഡർ നിയമം എന്നിവ ബാധകമാണ്.

ലേബർ കോടതികളുടേയും ഇൻഡസ്ട്രിയൽ ടൈബ്യൂണലുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

67 [2104] ശ്രീ. ടി. എം. ജേക്കബ് :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലേബർ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന എത്ര കേസുകൾ ഉണ്ട് ;

(ബി) ഏതുവർഷം മുതലുള്ളവയാണ് തീർപ്പാക്കാനുള്ളത് ;

(സി) ലേബർ കോടതികളുടേയും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.